**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1636** **15-03-2022 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് കൃഷിഭവൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ** | | **null**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | നിലമ്പൂർ നിയോജക മണ്ഡലത്തിൽ സ്മാർട്ട് കൃഷിഭവനായി മാറ്റുന്ന കൃഷി ഭവനുകൾ ഏതൊക്കെയാണ്; ഇതിനായുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | സ്മാർട്ട് കൃഷിഭവൻ പദ്ധതിയുടെ അന്തിമ പദ്ധതി രേഖ അംഗീകരിച്ചിട്ടില്ലാത്തതിനാൽ തെരഞ്ഞെടുപ്പ് പ്രക്രിയാ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല. |
| (ബി) | ഒരു നിയോജക മണ്ഡലത്തിൽ തുടക്കത്തിൽ ഒരു സ്മാർട്ട് കൃഷി ഭവൻ എന്ന തരത്തിൽ സ്ഥലം എം.എൽ.എ മാരോട് കൃഷി ഭവനുകൾ നിർദ്ദേശിക്കാൻ അറിയിപ്പ് നൽകിയിരുന്നോ; നിലമ്പൂർ എം.എൽ.എ നിർദ്ദേശിച്ച വഴിക്കടവ് കൃഷിഭവൻ ഇതിലുൾപ്പെടുമോ എന്നറിയിക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | സ്മാർട്ട് കൃഷിഭവൻ പദ്ധതി ആവിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധതലങ്ങളിൽ കൂടിയാലോചനകളും നിർദ്ദേശങ്ങളുടെ സമാഹരണവും നടത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ അന്തിമ പദ്ധതി രേഖ ആവിഷ്കരിച്ച് വരുന്നതേയുള്ളൂ. |
| (സി) | സ്മാർട്ട് കൃഷിഭവൻ മുഖാന്തിരം കർഷകർക്ക് ലഭ്യമാക്കുന്ന സേവനങ്ങളും സൗകര്യങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (സി) | സ്മാർട്ട് കൃഷിഭവൻ പദ്ധതിയുടെ അന്തിമ പദ്ധതി രേഖ അംഗീകരിച്ചിട്ടില്ല. |
| (ഡി) | ഏത് സർക്കാർ ഏജൻസിയാണ് സ്മാർട്ട് കൃഷിഭവൻ പദ്ധതി നടപ്പാക്കുന്നതെന്നും ഇതിനായി ഒരു കൃഷി ഭവന് അനുവദിക്കുന്ന ഫണ്ട് എത്രയാണെന്നും അറിയിക്കാമോ; | (ഡി) | സ്മാർട്ട് കൃഷിഭവൻ പദ്ധതിയുടെ അന്തിമ പദ്ധതി രേഖ അംഗീകരിച്ചിട്ടില്ല. |
| (ഇ) | നിലമ്പൂർ നിയോജക മണ്ഡലത്തിൽ സ്വന്തമായി കെട്ടിടങ്ങളുള്ള കൃഷിഭവനുകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ? | (ഇ) | നിലമ്പൂർ നിയോജക മണ്ഡലത്തിലെ അമരമ്പലം, കരുളായി, ചുങ്കത്തറ, എടക്കര, മൂത്തേടം, നിലമ്പൂർ, വഴിക്കടവ്, പോത്തുകല്ല് എന്നീ കൃഷിഭവനുകൾക്ക് സ്വന്തമായി കെട്ടിടങ്ങളുണ്ട്. |

സെക്ഷൻ ഓഫീസർ